**റൂളിംഗ്**

മി. സ്പീക്കർ: ഇന്ന് സഭയുടെ പരിഗണനയ്ക്കുവരുന്ന 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബില്ലിലെ വ്യവസ്ഥകളിൽ ഉണ്ടായിട്ടുള്ളതായി പറയുന്ന ദുരൂഹതകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് ചട്ടം 71 പ്രകാരം നോട്ടീസ് നൽകി ഇവിടെ തടസ്സവാദം ഉന്നയിച്ചത്. ശ്രീ. അനൂപ് ജേക്കബ് ഉന്നയിച്ച പ്രശ്നങ്ങളിൽ ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വിശദമായ മറുപടി ഇവിടെ നൽകുകയുണ്ടായി. ഈ കാര്യത്തിൽ കൂടുതലായി ഒരു വിശദീകരണം ആവശ്യമുള്ളതായി ചെയർ കാണുന്നില്ല. എന്നിരുന്നാലും ഇനിയും വ്യക്തത വരുത്തേണ്ട ഏതെങ്കിലും കാര്യങ്ങൾ അവശേഷിക്കുന്നുണ്ടെങ്കിൽ അവ സബ്ജക്ട് കമ്മിറ്റിയിൽ നടക്കുന്ന വിശദമായിട്ടുള്ള പരിശോധനാവേളയിലോ സഭാതലത്തിലുള്ള വകുപ്പുതിരിച്ചുള്ള പരിഗണനാ വേളയിലോ പരിഹരിക്കപ്പെടാൻ കഴിയുന്നതാണ്. ബില്ലിന്റെ അവതരണത്തിന് എതിരായുള്ള തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.